**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 233** **27-01-2026 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് മെഡിക്കൽ കോളേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീമതി വീണാ ജോർജ്ജ് (ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ഗവൺമെന്റ് മെഡിക്കൽ കോളേജിന്റെ പ്രവർത്തനം പൂർണ്ണതോതിൽ എന്നു മുതൽ ആരംഭിക്കാനാവുമെന്ന് വ്യക്തമാക്കാമോ; | (എ) | നിലവിൽ കാസർഗോഡ് മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ് ക്ലാസ്സുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഒരു നഴ്സിംഗ് കോളേജും പ്രവർത്തിച്ചു വരുന്നുണ്ട് . നബാർഡ് പദ്ധതി മുഖേന നടപ്പിലാക്കി വന്നിരുന്ന മെഡിക്കൽ കോളേജിലെ ഹോസ്പിറ്റൽ ബ്ലോക്ക് നിർമ്മാണം നബാർഡ് പദ്ധതിയുടെ കാലാവധി അവസാനിച്ചതോടെ നിലയ്ക്കുകയും കരാറുകാരൻ കോടതിയിൽ കേസ് കൊടുക്കുകയും ചെയ്തിരുന്നു. തുടർന്ന് കോടതി കരാറുകാരന് നൽകുന്നതിനുള്ള കുടിശ്ശിക തുകകൾ അടിയന്തിരമായി കൊടുത്ത് തീർക്കുന്നതിന് ഇടക്കാല ഉത്തരവ് നൽകുകയും കരാറുകാരൻ റേറ്റ് എസ്കലേഷൻ ഉൾപ്പെടെയുള്ള ആവശ്യങ്ങൾ ഉന്നയിച്ചതിനാൽ കരാറുകാരായ M/s R.R തുളസി ബിൽഡേഴ്സുമായുള്ള കരാർ സർക്കാർ റദ്ദാക്കുകയും കരാറുകാരന്റെ എല്ലാ അക്കൗണ്ടുകളും സെറ്റിൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ 160കോടിരൂപ കിഫ്ബി ഫണ്ട് ഉപയോഗിച്ച് ഹോസ്പിറ്റൽ ബ്ലോക്കിന്റെ ബാക്കി പ്രവൃത്തികൾ ചെയ്യുന്നതിനായി ഭരണാനുമതി നൽകുകയും, ഹോസ്പിറ്റൽ ബ്ലോക്കിന്റെ ബാക്കി പ്രവൃത്തികൾ ചെയ്യുന്നതിനുള്ള ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തിയാക്കി പുതിയ കോൺട്രാക്ടർക്ക് പ്രവൃത്തി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത ഹോസ്പിറ്റൽ ബ്ലോക്കിന്റെ സിവിൽ, MEP, ഉപകരണങ്ങൾ തുടങ്ങിയവയെല്ലാം നിലവിൽ കിഫ്ബി ഫണ്ടു മുഖേനയാണ് ചെയ്തു വരുന്നത്. കൂടാതെ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള തുകയും കിഫ്ബി ഫണ്ടിൽ വകയിരുത്തിയിട്ടുണ്ട്. ഹോസ്പിറ്റൽ ബ്ലോക്കിന്റെ പ്രവർത്തനം പൂർണ്ണമായി ആരംഭിക്കുന്നതോടെ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ ഉൾപ്പെടെ മെഡിക്കൽകോളേജ് |

| | | | |
|---|---|---|---|
| | | | പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കാൻ കഴിയുന്നതാണ്. |
| (ബി) | പ്രസ്തുത മെഡിക്കൽ കോളേജിൽ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ പൂർണ്ണ തോതിൽ ആരംഭിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ? | (ബി) | നിലവിൽ കാസർഗോഡ് മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ് ക്ലാസ്സുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഒരു നഴ്സിംഗ് കോളേജും പ്രവർത്തിച്ചു വരുന്നുണ്ട് . നബാർഡ് പദ്ധതി മുഖേന നടപ്പിലാക്കി വന്നിരുന്ന മെഡിക്കൽ കോളേജിലെ ഹോസ്പിറ്റൽ ബ്ലോക്ക് നിർമ്മാണം നബാർഡ് പദ്ധതിയുടെ കാലാവധി അവസാനിച്ചതോടെ നിലയ്ക്കുകയും കരാറുകാരൻ കോടതിയിൽ കേസ് കൊടുക്കുകയും ചെയ്തിരുന്നു. തുടർന്ന് കോടതി കരാറുകാരന് നൽകുന്നതിനുള്ള കുടിശ്ശിക തുകകൾ അടിയന്തിരമായി കൊടുത്ത് തീർക്കുന്നതിന് ഇടക്കാല ഉത്തരവ് നൽകുകയും കരാറുകാരൻ റേറ്റ് എസ്കലേഷൻ ഉൾപ്പെടെയുള്ള ആവശ്യങ്ങൾ ഉന്നയിച്ചതിനാൽ കരാറുകാരായ M/s R.R തുളസി ബിൽഡേഴ്സുമായുള്ള കരാർ സർക്കാർ റദ്ദാക്കുകയും കരാറുകാരന്റെ എല്ലാ അക്കൗണ്ടുകളും സെറ്റിൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ 160കോടിരൂപ കിഫ്ബി ഫണ്ട് ഉപയോഗിച്ച് ഹോസ്പിറ്റൽ ബ്ലോക്കിന്റെ ബാക്കി പ്രവൃത്തികൾ ചെയ്യുന്നതിനായി ഭരണാനുമതി നൽകുകയും, ഹോസ്പിറ്റൽ ബ്ലോക്കിന്റെ ബാക്കി പ്രവൃത്തികൾ ചെയ്യുന്നതിനുള്ള ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തിയാക്കി പുതിയ കോൺട്രാക്ടർക്ക് പ്രവൃത്തി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത ഹോസ്പിറ്റൽ ബ്ലോക്കിന്റെ സിവിൽ, MEP, ഉപകരണങ്ങൾ തുടങ്ങിയവയെല്ലാം നിലവിൽ കിഫ്ബി ഫണ്ടു മുഖേനയാണ് ചെയ്തു വരുന്നത്. കൂടാതെ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള തുകയും കിഫ്ബി ഫണ്ടിൽ വകയിരുത്തിയിട്ടുണ്ട്. ഹോസ്പിറ്റൽ ബ്ലോക്കിന്റെ പ്രവർത്തനം പൂർണ്ണമായി ആരംഭിക്കുന്നതോടെ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ ഉൾപ്പെടെ മെഡിക്കൽകോളേജ് പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ